## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1817 — 05.12.2014-ൽ മറുപടിയ്ക്ക്

**കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
| എ) | കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വാർഡുകളുടെ എണ്ണം, ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വാർഡുകളുടെ എണ്ണം 23-ഉം ജനസംഖ്യ 52541-ഉം ഭൂവിസ്തൃതി 35.57 ച.കി.മീറ്ററുമാണ് |
| ബി) | ത്രിതല പഞ്ചായത്ത് ഇലക്ഷന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകളുടെ വിഭജനം ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ നടപടികൾ അറിയിക്കുമോ; | ബി) | ഉണ്ട്. 2015-ൽ നടക്കേണ്ടുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയോട് നിലവിലുള്ള പഞ്ചായത്തുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള പരാതികളും ആക്ഷേപങ്ങളും കൂടി പരിഗണിച്ചുകൊണ്ട് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| സി) | കൊല്ലം ജില്ലയിലെ തന്നെ ഏറ്റവും വിസ്തൃതി കൂടിയതും ജനസംഖ്യയിൽ മുന്നോക്കം നിൽക്കുന്നതുമായ ഗ്രാമപഞ്ചായത്താണ് കല്ലുവാതുക്കലെന്ന് ബോധ്യമുണ്ടോ; | സി) | ഉണ്ട്. |
| ഡി) | പ്രസ്തുത ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിച്ചതിന് ശേഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ